


# ഖുർആന്റെ രാഷ്ട്രീയാധ്യാപനങ്ങൾ


## സയ്യിദ് അബുൽഅഅ്ലാ മൗദൂദി



പരമാധികാരം (ഹാകിമിയ്യത്ത്) എന്ന പദത്തിൽ അടങ്ങിയിട്ടുള്ള മുഴുവൻ വിശേഷണങ്ങളും അധികാരങ്ങളും ഏകനായ അല്ലാഹുവിൽ മാത്രം കേന്ദ്രീകൃതമാണ്. പ്രസ്തുത വിശേഷണങ്ങളും അധികാരങ്ങളും വഹിക്കുന്ന ഒരു സൃഷ്ടിയും ഈ പ്രപഞ്ചത്തിലെങ്ങുമില്ല


രാഷ്ട്രീയത്തെക്കുറിച്ച ഖുർആന്റെ കാഴ്ചപ്പാട് അതിന്റെ പ്രപഞ്ചസങ്കൽപത്തിലധിഷ്ഠിതമാണ്. പ്രസ്തുത കാഴ്ചപ്പാട് ശരിയാംവണ്ണം മനസ്സിലാകണമെങ്കിൽ ഈ പ്രപഞ്ചസങ്കൽപം മുമ്പിലുണ്ടായിരിക്കണം. രാഷ്ട്രതന്ത്രത്തിന്റെ വീക്ഷണകോണിലൂടെ ഖുർആന്റെ പ്രപഞ്ചസങ്കൽപത്തെ വിശകലനം നടത്തുമ്പോൾ താഴെ പറയുന്ന വസ്തുതകൾ നമ്മുടെ മുമ്പിലെത്തുന്നു:

1) ഈ പ്രപഞ്ചമഖിലത്തിന്റെയും മനുഷ്യന്റെയും അവനതിൽ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്ന സമസ്ത വസ്തുക്കളുടെയും സ്രഷ്ടാവ് അത്യുന്നതനായ അല്ലാഹുവാകുന്നു (6:73, 4:1, 2:29, 35:3, 56: 58–72).

2) ഈ സൃഷ്ടികളുടെയെല്ലാം ഉടമസ്ഥനും അധികാരിയും കാര്യസ്ഥനും അല്ലാഹു തന്നെയാകുന്നു (20: 6, 30: 26, 7: 54, 32: 5).

3) പ്രപഞ്ചത്തിൽ പരമാധികാരം (Sovereignty) ഏകനായ അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല; ഉണ്ടാവുക സാധ്യവുമല്ല. പരമാധികാരത്തിൽ ഭാഗികമായ അവകാശം പോലും മറ്റാർക്കുമില്ല (2: 107, 25: 6, 28: 70, 6: 57, 18: 26, 3: 154, 30: 4, 57: 5, 16: 17, 13: 16, 35: 40–41).

4) പരമാധികാരം (ഹാകിമിയ്യത്ത്) എന്ന പദത്തിൽ അടങ്ങിയിട്ടുള്ള മുഴുവൻ വിശേഷണങ്ങളും അധികാരങ്ങളും ഏകനായ അല്ലാഹുവിൽ മാത്രം കേന്ദ്രീകൃതമാണ്. പ്രസ്തുത വിശേഷണങ്ങളും അധികാരങ്ങളും വഹിക്കുന്ന ഒരു സൃഷ്ടിയും ഈ പ്രപഞ്ചത്തിലെങ്ങുമില്ല. അവൻ സകലതിന്റെയും മേൽ ആധിപത്യം പുലർത്തുന്നവനാണ്, സർവജ്ഞനാണ്, വൈകല്യങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും പൂർണമുക്തനാണ്. നിഖിലവും നിരീക്ഷിക്കുന്നവനാണവൻ. സകലതിനും സംരക്ഷണം നൽകുന്നതും അവനാണ്. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സദാ ഉണർന്നിരിക്കുന്നവനുമാണ്, സർവശക്തനാണ്. അധികാരങ്ങളൊക്കെയും അവന്റെ ഹസ്തത്തിലാണ്. ചരാചരങ്ങളൊക്കെയും അവന്റെ ആജ്ഞാനുവർത്തികളാണ്. രക്ഷാശിക്ഷകൾക്കൊക്കെയുമുള്ള അധികാരം അവനാണ്. അവന്റെ അനുവാദമില്ലാതെ ഒരുത്തന്നും അപരന്റെ മേൽ ഗുണമോ ദോഷമോ ഏൽപിക്കുക സാധ്യമേയല്ല. അനുമതികൂടാതെ ആർക്കും അവന്റെ മുമ്പിൽ ശിപാർശയും സാധ്യമല്ല. അവനിച്ഛിക്കുന്നവരെ ശിക്ഷിക്കുകയും ഇച്ഛിക്കുന്നവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കുകയും ചെയ്യും. അവന്റെ തീരുമാനം പുനഃപരിശോധിക്കുന്നവനായി ഒരുത്തനുമില്ല. അവൻ ആരുടെയും മുമ്പിൽ ഉത്തരവാദിയല്ല, എല്ലാവരും അവന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടവരാണ്. അവന്റെ ഉത്തരവുകൾ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്നു. അവന്റെ തീരുമാനങ്ങളെ മാറ്റിവയ്ക്കാനുള്ള കഴിവ് ആർക്കുമില്ല. പരമാധികാരത്തിന്റെ ഈ മുഴുവിശേഷണങ്ങളും അല്ലാഹുവിനു മാത്രമുള്ളതാണ്. ഇവയൊന്നിലും തന്നെ അവന് കൂട്ടാളികളായി മറ്റാരുമില്ല (6:18, 13:9, 59:23, 2:255, 36:83, 3:83, 10: 65, 48:11, 10:107, 2:284, 18:26, 72:22, 23:88, 85: 13–16, 5:1, 13:41, 18:27, 95:8, 3:26, 7:128).

### ദൈവികപരമാധികാരം

ഉപര്യുക്ത പ്രപഞ്ചസങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ ഖുർആന്റെ

വാദമിതാണ്: പ്രപഞ്ചത്തിന്റെ ശാസനാധികാരിയും അധിപനും ആരോ അവൻ തന്നെയാണ് മനുഷ്യരുടെയും യഥാർഥ ശാസനാധികാരിയും അധിപനും. മനുഷ്യന്റെ ജീവിതവ്യവഹാരങ്ങളിൽ വിധി നടത്താനുള്ള അധികാരവും അവനിൽതന്നെ നിക്ഷിപ്തമാണ്. അവനെക്കൂടാതെ ഒരു മനുഷ്യന്നും മനുഷ്യേതര ശക്തിക്കും സ്വന്തമായി കൽപിക്കാനോ വിധി നടത്താനോ അധികാരമില്ല. ഒരു വ്യത്യാസമുള്ളത് ഇതാണ്: പ്രാപഞ്ചികവ്യവസ്ഥയിൽ അല്ലാഹുവിന്റെ ആധിപത്യവും ശാസനാധികാരവും സ്വയം നിലനിൽക്കുന്നതാണ്. ആരുടെയും അംഗീകാരത്തിന്റെ ആവശ്യം അതിനില്ല. പരമാണു തൊട്ട് ആകാശഗംഗവരെയുള്ള പ്രപഞ്ചത്തിലെ സമസ്തവസ്തുക്കളും അവനു വിധേയമാണ്. അതുപോലെ മനുഷ്യനും അവന്റെ ജീവിതത്തിലെ തീരുമാനശേഷിയില്ലാത്ത മേഖലകളിൽ പ്രകൃത്യാ അല്ലാഹുവിന്റെ പരമാധികാരത്തിനും ശാസനാധികാരത്തിനും വിധേയനാണ്. എന്നാൽ, മനുഷ്യന് തീരുമാനശേഷിയുള്ള മേഖലകളിൽ അല്ലാഹു തന്റെ ആധിപത്യം അടിച്ചേൽപിക്കുന്നില്ല. എന്നിരിക്കിലും അറിവോടും ബോധത്തോടും കൂടി പ്രസ്തുത വശങ്ങളിലും തന്റെതന്നെ ആധിപത്യം അംഗീകരിക്കണമെന്നും തനിക്കുള്ള അനുസരണത്തിന്റെ മാർഗം തെരഞ്ഞെടുക്കണമെന്നും ദൈവികഗ്രന്ഥങ്ങൾ മുഖേന -അവയിൽ അവസാനത്തേതാണ് വിശുദ്ധഖുർആൻ- മനുഷ്യരെ അവൻ ഉദ്ബോധിപ്പിക്കുന്നു. ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ വിശുദ്ധഖുർആൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്:

1) ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവുതന്നെയാണ് യഥാർഥത്തിൽ മനുഷ്യന്റെയും രക്ഷിതാവ്. അതിനാൽ അവന്റെ രക്ഷാകർത്തൃത്വം മനുഷ്യൻ അംഗീകരിക്കേണ്ടതുണ്ട് (6:164, 7:54, 114:1-3, 10: 31,32).

2) ആധിപത്യത്തിനും വിധികർത്തൃത്വത്തിനുമുള്ള അധികാരം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. അവനോട് പൂർണമായ വിധേയത്വം പുലർത്തുക എന്നതാണ് മനുഷ്യനെ സംബന്ധിച്ചേടത്തോളം ശരിയായ നിലപാട് (42:10, 12:44, 3:154).

3) സ്രഷ്ടാവ് അല്ലാഹുവാണെന്നതിനാൽ ശാസനാധികാരവും അവനു മാത്രമാകുന്നു (7:54, 5:38-40).

4) പ്രപഞ്ചത്തിന്റെ അധീശൻ എന്ന നിലയ്ക്കും വിധികൽപിക്കാനുള്ള അവകാശം അല്ലാഹുവിനാണ്.

5) യാഥാർഥ്യം അറിയുന്നവനെന്ന നിലയ്ക്കും ശരിയായ മാർഗനിർദേശം നൽകാൻ കഴിയുന്നവനെന്ന നിലയ്ക്കും വിധികർത്തൃത്വം അവനു മാത്രം അവകാശപ്പെട്ടതാകുന്നു (2: 216,220,255,232; 4: 11,170,176; 8:75, 9:60, 64:58,59; 60:10).

## നിയമനിർമാണാധികാരം


അനുസരണം പൂർണമായും അല്ലാഹുവിനും അനുഗമിക്കുന്നത് അവന്റെ നിയമങ്ങളെയും ആയിരിക്കണമെന്ന് ഖുർആൻ ആജ്ഞാപിക്കുന്നു. അവനെ വിട്ട് മറ്റുള്ളവരെയോ അല്ലെങ്കിൽ സ്വന്തം ദേഹേഛയെയോ അനുധാവനം ചെയ്യാൻ പാടുള്ളതല്ല (69:2,11,12; 16:36, 98:5, 7:3, 13:37, 45:18, 2:229, 65:1, 58:4).

## പ്രവാചകന്റെ സ്ഥാനം

മുകളിലുദ്ധരിച്ച ആയത്തുകളിൽ അനുഗമിക്കാൻ ആജ്ഞാപിച്ച ദൈവികനിയമങ്ങൾ മനുഷ്യരിലേക്കെത്തിക്കാനുള്ള മാധ്യമം ദൈവദൂതൻ മാത്രമാണ്. ദൈവത്തിങ്കൽനിന്നുള്ള വിധികളും നിർദേശങ്ങളും ദൈവദൂതനാണ് മനുഷ്യരിലേക്കെത്തിക്കുന്നത്. തന്റെ വാക്കും പ്രവൃത്തിയും മുഖേന പ്രസ്തുത വിധികളും വെളിപാടുകളും വിശദീകരിക്കുന്നതും അദ്ദേഹം തന്നെ. ചുരുക്കത്തിൽ, മനുഷ്യജീവിതത്തിൽ ദൈവികനിയമങ്ങൾ നടപ്പിലാക്കുന്ന, ദൈവത്തിന്റെ പ്രതിനിധിയാകുന്നു പ്രവാചകൻ. അതിനാൽ, പ്രവാചകനെ അനുസരിക്കുക എന്നത് ദൈവത്തിനുള്ള അനുസരണം തന്നെയാകുന്നു. പ്രവാചകൻ നൽകുന്ന വിധിവിലക്കുകളും ആജ്ഞാനിർദേശങ്ങളും നിരുപാധികം അനുസരിക്കണമെന്ന് അല്ലാഹു തന്നെ കൽപിച്ചിട്ടുള്ളതാണ്. അവ അനുസരിക്കുന്ന കാര്യത്തിൽ യാതൊരു വിധ വൈമനസ്യവും അരുത്. അങ്ങനെ വന്നാൽ അത് വിശ്വാസത്തിന് പോലും വികൽപമായി ഭവിക്കുന്നതാണ് (4:64, 4:80, 4:115, 59:7, 4:65).

## പരമോന്നത നിയമം

ദൈവത്തിന്റെയും പ്രവാചകന്റെയും ആജ്ഞകൾ പരമോന്നത നിയമങ്ങളായിട്ടാണ് (Supreme Law) ഖുർആൻ പരിചയപ്പെടുത്തുന്നത്. വിശ്വാസികളെ സംബന്ധിച്ചേടത്തോളം പ്രസ്തുത നിയമങ്ങൾ അനുസരിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. അല്ലാഹുവും പ്രവാചകനും വിധിനൽകിയിട്ടുള്ള പ്രശ്നങ്ങളിൽ സ്വതന്ത്രമായി മറ്റൊരു വിധി നടത്താൻ ഒരു മുസ്ലിമിനും അവകാശമില്ല. അഥവാ ആ വിധിയിൽനിന്ന് വ്യതിചലിക്കുന്നത് വിശ്വാസത്തിന് വിരുദ്ധമാണ് (33:36,



24:47,48,50).

## ഖിലാഫത്ത്

ഭരണത്തിന്റെ യഥാർഥ രീതി ഖുർആൻ വരച്ചുകാണിക്കുന്നതി ങ്ങനെയാണ്: നിയമനിർമാണത്തിനുള്ള പരമാധികാരം ദൈവത്തിനും പ്രവാചകനുമാണെന്നംഗീകരിച്ച് പൗരൻ ആധിപത്യം കൈയൊഴിയുക. എന്നിട്ട് യഥാർഥ ഭരണകർത്താവിന്റെ കീഴിൽ ഖലീഫ(പ്രതിനിധി) യായി നിൽക്കുക. ഇത്തരമൊരവസ്ഥയിൽ മനുഷ്യന്റെ അധികാരം -അത് നിയമനിർമാണപരമോ നീതിന്യായപരമോ ഭരണപരമോ ഏതാ വട്ടെ- മുകളിൽ 3,4,5 നമ്പറുകളിലായി വിശദീകരിച്ച പരിധിക്കുള്ളിൽ പരിമിതമായിരിക്കും (5:48, 38:26).

## ഖിലാഫത്തിന്റെ യാഥാർഥ്യം

ഖിലാഫത്തിനെക്കുറിച്ച് വിശുദ്ധഖുർആന്റെ സങ്കൽപം ഇപ്രകാ രമാണ്: ഭൂമുഖത്ത് മനുഷ്യന് ലഭിച്ചിട്ടുള്ള മുഴുവൻ കഴിവുകളും ദൈവം നൽകിയിട്ടുള്ളതാണ്. അവൻ നൽകിയ കഴിവു കൾ, അവൻ നൽകിയ അധികാരമുപയോഗിച്ച് അവന്റെ ഭൂമിയിൽ വിനിയോഗിക്കുന്ന ഒരു അവസ്ഥയിലാണ് മനുഷ്യനെ അവൻ പ്രതി ഷ്ഠിച്ചിട്ടുള്ളത്. അതിനാൽ മനുഷ്യൻ ഇവിടെ സ്വാധികാരമുള്ള ഉടമസ്ഥനല്ല, യഥാർഥ ഉടമ സ്ഥന്റെ ഖലീഫ (പ്രതിനിധി) മാത്രമാകുന്നു (2:30, 7:10,69, 7:74,129, 22:65, 10:14).

എന്നാൽ, ഈ ഖിലാഫത്ത് (പ്രതിനിധാ നം) യഥാർഥ അധിപതിയുടെ ആജ്ഞാനുസാ രിയായി വർത്തിക്കുമ്പോൾ മാത്രമേ ശരിയായ ഖിലാഫത്താവുകയുള്ളൂ. അവന്റെ ആജ്ഞാ നിർദേശങ്ങളെ അവഗണിച്ചുകൊണ്ട് സ്ഥാപി ക്കുന്ന സ്വയാധികാരഭരണസംവിധാനം പ്രതി നിധാനമല്ല, ധിക്കാരമാണ് ആവുക (35:39, 89:7–11, 79:17–24, 24:55).

**അവകാശങ്ങൾ, പദവികൾ, അവസരങ്ങൾ എന്നിവയിൽ സമത്വം, നിയമവാഴ്ച, നന്മ യിൽ സഹകരണം, തിന്മയിൽ നിസ്സഹകരണം, ദൈവത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടതു ണ്ടെന്ന ബോധം, അവകാശ ത്തേക്കാൾ ബാധ്യതയെക്കു റിച്ച വിചാരം, വ്യക്തിയു ടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ലക്ഷ്യത്തി ലുള്ള ഐക്യം, സമൂഹ ത്തിലെ ഒരു വ്യക്തിക്കും അത്യാവശ്യ ജീവിതോപാധി കൾ തടയപ്പെടാതിരിക്കൽ ഇതെല്ലാം ഈ രാഷ്ട്രത്തിന്റെ അടിസ്ഥാനമൂല്യങ്ങളാകുന്നു.**

## സാമൂഹികഖിലാഫത്ത്

മേൽപറഞ്ഞ തരത്തിലുള്ള ശരിയും ന്യായവുമായ ഖിലാഫത്തിന്റെ ചുമതല ഒരു വ്യക്തിയിലോ കുടുംബത്തിലോ വർഗ ത്തിലോ അധിഷ്ഠിതമല്ല. മറിച്ച്, ഉപര്യുക്ത അടിസ്ഥാനങ്ങൾ അംഗീകരിച്ചുകൊണ്ട് ഒരു രാഷ്ട്രത്തിന് രൂപംനൽകുന്ന സമൂഹത്തിന്റെ (Community) ഒന്നടങ്കമുള്ള ചുമതലയാണത്. 'നാം അവരെ ഭൂമിയിൽ പ്രതിനിധികളാക്കുന്ന താകുന്നു' എന്ന ഖുർആനികസൂക്തം (24:51) ഇത് വ്യക്തമാക്കുന്നുണ്ട്. ഈ സൂക്തപ്രകാരം വിശ്വാസികളുടെ സമൂഹത്തിലെ ഓരോ വ്യക്തിക്കും ഖിലാഫത്തിൽ തുല്യപങ്കാളിത്തമുണ്ട്. ഏതെങ്കിലുമൊരു വ്യക്തിക്കോ വർഗത്തിനോ മുസ്‌ലിംകൾക്ക് പൊതുവായി അവകാശ പ്പെട്ട ഈ ഖിലാഫത്തധികാരം കൈവശപ്പെടുത്തി തന്നിൽ പരിമിതമാ ക്കിവയ്ക്കാൻ അവകാശമില്ല. അതുപോലെ, ദൈവം നേരിട്ടരുളിയ ഖിലാഫത്താണ് തങ്ങളുടേതെന്ന് വാദിക്കാനും ആർക്കും സാധ്യമല്ല. ഇസ്‌ലാമികഖിലാഫത്തിനെ രാജവാഴ്ചയിൽനിന്നും വർഗാധിപത്യ ത്തിൽനിന്നും പൗരോഹിത്യവാഴ്ചയിൽനിന്നും അകറ്റി ജനാധിപത്യ ത്തോട് അടുപ്പിക്കുന്നത് ഈ സവിശേഷതയാണ്. എന്നാൽ, ഇത് പാശ്ചാത്യജനാധിപത്യ(Democracy)സങ്കൽപത്തിൽനിന്നും അടിസ്ഥാ നപരമായിത്തന്നെ ഭിന്നമാണ്. പാശ്ചാത്യസങ്കൽപത്തിലുള്ള ജനാധി പത്യം ജനങ്ങളുടെ പരമാധികാരത്തിൽ (Popular Sovereignty) അധി ഷ്ഠിതമാണ്. അതേസമയം, ഇസ്‌ലാമിന്റെ ജനാധിപത്യഖിലാഫത്തിൽ ജനങ്ങൾ പരമാധികാരം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് സ്വമേധയാ തങ്ങളുടെ അധികാരങ്ങൾ ദൈവികനിയമങ്ങളുടെ പരിധിക്കുള്ളിൽ ഒതുക്കിനിർത്തുന്നു.

## അനുസരണത്തിന്റെ പരിധികൾ

ഈ ഖിലാഫത്ത് വ്യവസ്ഥയെ സദ്കാര്യങ്ങളിൽ മാത്രമേ അനു സരിക്കേണ്ടതുള്ളൂ. ദൈവധിക്കാരം അനുവർത്തിക്കുന്നെങ്കിൽ അനുസ രണമോ സഹകരണമോ പാടില്ല (60:12, 5:6, 76:24).

## ശൂറാ

ഈ രാഷ്ട്രത്തിന്റെ രൂപീകരണം മുതൽ അതിന്റെ നായക ന്റെയും കൈകാര്യക്കാരുടെയും തെരഞ്ഞെടുപ്പും നിയമനിർമാണവും ഭരണനിർവഹണവും വരെയുള്ള മുഴുവൻ വ്യവഹാരങ്ങളും വിശ്വാസി കൾ പരസ്പരം കൂടിയാലോചിച്ച് നടത്തേണ്ടതാണ്. ഈ കൂടിയാലോ ചന നേരിട്ടോ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മുഖേനയോ എങ്ങ നെയായാലും ശരി (42: 38)

## അധികാരികളുടെ ഗുണങ്ങൾ

ഈ ഭരണവ്യവസ്ഥ കൊണ്ടുനട ത്തുന്ന അധികാരികളെ തെരഞ്ഞെടുക്കു മ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1) അവർ ഈ വ്യവസ്ഥയുടെ അടി സ്ഥാനതത്ത്വങ്ങൾ അംഗീകരിക്കുന്നവരായി രിക്കണം. കാരണം, ഒരു വ്യവസ്ഥ നടപ്പിലാ ക്കുന്ന ചുമതല അതിന്റെ അടിസ്ഥാനങ്ങ ളോടു തന്നെ വിയോജിപ്പുള്ളവരുടെ കരങ്ങ ളിൽ അർപ്പിക്കപ്പെട്ടുകൂടാ (4:59, 3:118, 9:16).

2) അക്രമിയോ ധിക്കാരിയോ തെമ്മാ ടിയോ ദൈവബോധമില്ലാത്തവനോ അതിക്ര മിയോ ആകരുത്. മറിച്ച്, വിശ്വാസിയും സച്ച രിതനും ദൈവബോധമുള്ളവനുമായിരിക്ക ണം. അക്രമിയോ തെമ്മാടിയോ നേതാവോ അധികാരിയോ ആയിവന്നാൽ അയാളുടെ നായകത്വം ഇസ്‌ലാമികദൃഷ്ട്യാ സ്വീകാര്യ മല്ല (2:124, 38:28, 18:28, 26:151,152, 49:13).

3) വിവരദോഷിയോ വിഡ്ഢിയോ ആകരുത്. വിജ്ഞനും സമർഥനും കാര്യപ്രാ പ്തിയുള്ളവനുമായിരിക്കണം. ഖിലാഫത്ത് വ്യവസ്ഥ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ബുദ്ധിപരവും ശാരീരികവു മായ ശേഷിയും ഉണ്ടായിരിക്കണം (4:5, 2:247, 38:20, 12:55, 4:53, 39:9).

## ഭരണഘടനയുടെ മൗലികതത്ത്വങ്ങൾ

ഈ രാഷ്ട്രത്തിന്റെ ഭരണഘടന താഴെ പറയുന്ന മൗലികതത്ത്വ ങ്ങളിൽ നിലകൊള്ളുന്നതാണ്:

എ) "വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. റസൂലിനെയും നിങ്ങളിലെ കൈകാര്യക്കാരെയും അനുസരിക്കുക. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർഥത്തിൽ വിശ്വസിക്കുന്നു ണ്ടെങ്കിൽ" (4: 59).

ഈ സൂക്തം ആറ് ഭരണഘടനാതത്ത്വങ്ങൾ ഉൾക്കൊള്ളുന്നു ണ്ട്:

1. അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുസരണത്തിന്

മറ്റെല്ലാറ്റിനേക്കാളും മുൻഗണന നൽകണം.

2. ഭരണാധികാരിക്കുള്ള അനുസരണം അല്ലാഹുവിനും റസൂലിനുമുള്ള അനുസരണത്തിനു കീഴിലാവണം.

3. ഭരണാധികാരി ഈ ആദർശത്തെ അംഗീകരിക്കുന്നയാളാവണം.

4. ജനങ്ങൾക്ക് അധികാരിയോടും ഭരണകൂടത്തോടും വിയോജിക്കാൻ അവകാശമുണ്ട്.

5. വിയോജിപ്പുണ്ടാവുമ്പോൾ തീർപ്പുകൽപിക്കുന്നത് അല്ലാഹുവിന്റെയും റസൂലിന്റെയും നിയമത്തെ അവലംബിച്ചുകൊണ്ടാവണം.

6. ഈ പരമോന്നത നിയമമനുസരിച്ച് തർക്കപ്രശ്നങ്ങളിൽ തീർപ്പുകൽപിക്കാൻ ഭരണാധികാരിയുടെയും ജനങ്ങളുടെയും സമ്മർദങ്ങൾക്കു വിധേയമാകാത്ത ഒരു സ്വതന്ത്രനീതിപീഠം ഖിലാഫത്ത്വ്യവസ്ഥയിൽ ഉണ്ടായിരിക്കണം.

ബി) ഭരണനിർവഹണസമിതി(Execu-tive)യുടെ അധികാരങ്ങൾ ദൈവത്തിന്റെയും പ്രവാചകന്റെയും നിയമപരിധിയിൽ ഒതുങ്ങുന്നതായിരിക്കും. ഈ പരിധി വിട്ടുകടന്ന്, ദൈവധിക്കാരത്തിന്റെ നിർവചനത്തിൽപെടുന്ന യാതൊരു നയനിലപാടും സ്വീകരിക്കുക സാധ്യമല്ല. എന്തെന്നാൽ, പ്രസ്തുത നിയമപരിധിക്ക് പുറത്തുകടക്കുന്നതോടെ, അനുസരണം ആവശ്യപ്പെടാനുള്ള അവകാശം അവർക്ക് നഷ്ടപ്പെടുന്നു (ഇതു സംബന്ധമായ ഖുർആന്റെ ഖണ്ഡിത വിധികൾ മുകളിൽ 3,5,9 നമ്പറുകളിലായി നാം ഉദ്ധരിച്ചിട്ടുണ്ട്). മാത്രമല്ല, ഭരണനിർവഹണ സമിതി കൂടിയാലോചനയിലൂടെ, അതായത് തെരഞ്ഞെടുപ്പിലൂടെയാവണം നിലവിൽവരുന്നത്. അതിന്റെ പ്രവർത്തനവും മുകളിൽ പത്താം നമ്പറിൽ വിശദീകരിച്ചപ്രകാരം, പരസ്പരകൂടിയാലോചനയിലൂടെയായിരിക്കണം. എന്നാൽ, തെരഞ്ഞെടുപ്പിനും കൂടിയാലോചനയ്ക്കും വിശുദ്ധഖുർആൻ ഖണ്ഡിതവും നിർണിതവുമായ രൂപങ്ങൾ നിശ്ചയിക്കുന്നില്ല. മറിച്ച്, ഒരു വിശാലമായ തത്ത്വം നിർദേശിച്ചുകൊണ്ട് അതനുസരിച്ചുള്ള പ്രവർത്തനത്തിന്റെ രൂപം അതത് കാലങ്ങളിൽ സമൂഹത്തിന്റെ അവസ്ഥയ്ക്കും ആവശ്യങ്ങൾക്കുമൊത്ത് നിർണയിക്കാൻ വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്.

സി) നിയമരൂപീകരണസഭ(Legislative) നിർബന്ധമായും ഒരു കൂടിയാലോചനാസമിതി (Consultative body) ആയിരിക്കണം. (10-ാം നമ്പർ കാണുക). എന്നാൽ, അതിന്റെ നിയമനിർമാണാധികാരം മുകളിൽ 3,5 നമ്പറുകളിൽ നാം വിശദീകരിച്ച പരിധികൾക്ക് വിധേയമായിരിക്കും. അല്ലാഹുവും പ്രവാചകനും സ്പഷ്ടമായി വിധിതന്നിട്ടുള്ളതോ, പരിധികളും അടിസ്ഥാനങ്ങളും നിശ്ചയിച്ചിട്ടുള്ളതോ ആയ കാര്യങ്ങളെ ഈ നിയമരൂപീകരണസഭയ്ക്ക് വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യാം. അവ പ്രാവർത്തികമാക്കുന്നതിനാവശ്യമായ ഉപനിയമങ്ങളും നടപടിച്ചട്ടങ്ങളും നിർദേശിക്കുകയും ചെയ്യാം. എന്നാൽ, ആ വിധികളെ റദ്ദാക്കാനോ മാറ്റിത്തിരുത്താനോ സാധിക്കുകയില്ല. എങ്കിലും സ്പഷ്ടമായ വിധികൾ ഇല്ലാത്തതോ പരിധികളും അടിസ്ഥാനങ്ങളും നിർണയിച്ചിട്ടില്ലാത്തതോ ആയ കാര്യങ്ങളിൽ ഇസ്‌ലാമിന്റെ ചൈതന്യവും പൊതുതത്ത്വങ്ങളും മുന്നിൽവച്ച് നിയമരൂപീകരണം നടത്താവുന്നതാണ്. എന്തെന്നാൽ, അവയെ സംബന്ധിച്ച് ഒരു വിധിയും നൽകിയിട്ടില്ല എന്നത്, അവ വിശ്വാസികളുടെ തീരുമാനത്തിന് വിട്ടുകൊടുത്തിരിക്കുകയാണെന്നാണല്ലോ തെളിയിക്കുന്നത്.

ഡി) നീതിന്യായവിഭാഗം (Judiciary) എല്ലാ തരം ഇടപെടലുകളിൽനിന്നും സമ്മർദങ്ങളിൽനിന്നും മുക്തമായിരിക്കണം. അങ്ങനെ സാധാരണക്കാരനും ഭരണാധികാരിക്കും എതിരെ നിയമമനുസരിച്ച് നിർഭയമായി വിധി നടത്താൻ കഴിയണം. 3,5 നമ്പറുകളിൽ വിശദീകരിച്ച പരിധികൾക്ക് നിർബന്ധമായും വിധേയമായിരിക്കണം അത്. തങ്ങളുടെയോ മറ്റുള്ളവരുടെയോ താൽപര്യങ്ങൾക്ക് വഴങ്ങാതെ സത്യത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിൽ മാത്രം വിധി നടത്തേണ്ടത് അതിന്റെ ബാധ്യതയാണ് (5:48, 38:26, 4:58).

## രാഷ്ട്രത്തിന്റെ ലക്ഷ്യം

ഈ രാഷ്ട്രം മഹത്തായ രണ്ടു ലക്ഷ്യങ്ങൾക്കുവേണ്ടിയാകണം പ്രവർത്തിക്കുന്നത്:

1) മനുഷ്യർക്കിടയിൽ നീതി നിലനിർത്തുകയും അക്രമവും അനീതിയും അവസാനിപ്പിക്കുകയും ചെയ്യുക (57: 25).

2) ഭരണകൂടത്തിന്റെ ശക്തിയും വിഭവങ്ങളുമുപയോഗിച്ച് ഇസ്‌ലാമികജീവിതത്തിന്റെ താങ്ങായ നമസ്കാരത്തിന്റെയും സകാത്തിന്റെയും വ്യവസ്ഥകൾ സ്ഥാപിച്ച് നിലനിർത്തുക. ഇസ്‌ലാമിന്റെ ആഗമനലക്ഷ്യമായ സത്യവും നന്മയും വളർത്തി, അല്ലാഹു ഏറ്റവും വെറുക്കുന്ന തിന്മയെ ഉച്ചാടനം ചെയ്യുക (22:41).

## മൗലികാവകാശങ്ങൾ

ഈ വ്യവസ്ഥയ്ക്കു കീഴിൽ ജീവിക്കുന്ന പൗരന്മാർക്ക് മതഭേദമന്യേ താഴെ പറയുന്ന മൗലികാവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അവ കൈയേറ്റം ചെയ്യപ്പെടാതെ സുരക്ഷിതമാക്കിക്കൊടുക്കേണ്ടത് ഭരണകൂടത്തിന്റെ നിർബന്ധബാധ്യതയാകുന്നു.

ജീവന്റെ സംരക്ഷണം (17:33), ഉടമവസ്ഥാവകാശസംരക്ഷണം (2:188, 4:29), അഭിമാനസംരക്ഷണം (49:11,12), സ്വകാര്യതയുടെ സംരക്ഷണം (24:27, 49:12), അക്രമത്തിനെതിരെ ശബ്ദമുയർത്താനുള്ള അവകാശം (4:148), വിശ്വാസസ്വാതന്ത്ര്യം (2:256, 10:99, 2:191), സംഘടനാസ്വാതന്ത്ര്യം (3:104,105), മതാനുഷ്ഠാനസ്വാതന്ത്ര്യം (6:108), അന്യായമായി ശിക്ഷിക്കപ്പെടാതിരിക്കുന്നതിനുള്ള അവകാശം (6:164), അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിച്ചുകിട്ടാനുള്ള അവകാശം (51:19), വിവേചനപരമായ നടപടിയിൽനിന്നും മുക്തമാകാനുള്ള അവകാശം (28:4).

## ഭരണകൂടത്തിന്റെ അവകാശങ്ങൾ

ഈ വ്യവസ്ഥയിൽ പൗരന്മാർക്ക് ഭരണകൂടത്തോട് ചില ബാധ്യതകളുണ്ട്: ഭരണകൂടത്തെ അനുസരിക്കുക (4: 59), രാജ്യത്തിന്റെ നിയമമനുസരിക്കുക, അരാജകത്വം സൃഷ്ടിക്കാതിരിക്കുക (7:58, 5:23), സദ്കാര്യങ്ങളിൽ സഹകരിക്കുക (5:2), പ്രതിരോധപ്രവർത്തനങ്ങളിൽ ജീവധനാദികൾകൊണ്ട് സഹായിക്കുക (9: 38-41) എന്നിവയാണവ.

## വിദേശനയം

ഇസ്‌ലാമികരാഷ്ട്രത്തിന്റെ വിദേശനയം സംബന്ധിച്ച ഖുർആന്റെ നിർദേശങ്ങൾ താഴെ:

എ) സന്ധികളും കരാറുകളും പാലിക്കുക. കരാർവ്യവസ്ഥ റദ്ദാക്കൽ അനിവാര്യമാകുന്ന സാഹചര്യത്തിൽ മറുകക്ഷിയെ വിവരം അറിയിക്കുക (17:34, 16:90-92, 9:4,7, 8: 72, 85).

ബി) ഇടപാടുകളിൽ വിശ്വസ്തതയും സത്യസന്ധതയും (16: 94).

സി) സാർവദേശീയനീതി (5:8).

ഡി) യുദ്ധത്തിൽ കക്ഷിചേർന്നിട്ടില്ലാത്ത രാജ്യങ്ങളുടെ അതിർത്തി മാനിക്കൽ (4: 89-90)

ഇ) സമാധാനവാഞ്ഛ (8:61)

എഫ്) ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നതിനും സ്വന്തം ഔദ്ധത്യം സ്ഥാപിക്കുന്നതിനുമുള്ള ശ്രമങ്ങൾ വർജിക്കുക (28: 83).

ജി) ശത്രുക്കളല്ലാത്തവരോടെല്ലാം സൗഹാർദത്തോടെ വർത്തിക്കുക (60:8).

എച്ച്) സദ്വൃത്തരോട് നന്മയിൽ വർത്തിക്കുക (55: 60).

ഐ) അതിക്രമികളോട് അവർ ചെയ്ത അക്രമത്തിനനുസരിച്ച് പ്രത്യാക്രമണം നടത്തുക (2:194, 16:126, 42:40-42).

## ഇസ്‌ലാമികരാഷ്ട്രത്തിന്റെ സവിശേഷതകൾ

1. 'തങ്ങൾ സമ്പൂർണ സ്വയംഭരണത്തിന്റെ ഉടമകളായിരിക്കെത്തന്നെ പ്രപഞ്ചസ്രഷ്ടാവിന്റെ മേൽക്കോയ്മയ്ക്ക് വഴങ്ങുകയാണ്,

അവന്റെ കീഴിൽ പരമാധികാരത്തിനു പകരം പ്രാതിനിധ്യപദവി (ഖിലാഫത്ത്) സ്വീകരിച്ചുകൊണ്ട് അവൻ തന്റെ ഗ്രന്ഥത്തിലൂടെയും പ്രവാചകനിലൂടെയും തന്നിട്ടുള്ള നിയമനിർദേശങ്ങൾ അനുസരിച്ച് തങ്ങൾ പ്രവർത്തിക്കും എന്നിങ്ങനെ ഒരു സ്വതന്ത്രസമൂഹം അവരുടെ ബോധമണ്ഡലത്തിൽ പ്രതിജ്ഞയെടുക്കുന്നതോടെയാണ് ഈ രാഷ്ട്രം നിലവിൽ വരുന്നത്.

2. പരമാധികാരം ദൈവത്തിനു മാത്രം അനുവദിക്കുന്ന കാര്യത്തിൽ ഈ ഭരണവ്യവസ്ഥ തിയോക്രസി(Theocracy)യുടെ അടിസ്ഥാനദർശനവുമായി യോജിക്കുന്നു. എന്നാൽ, ഈ ദർശനമനുസരിച്ചുള്ള പ്രവർത്തനത്തിന് അത് തിയോക്രസിയുടേതിൽനിന്ന് ഭിന്നമായ മാർഗമാണ് സ്വീകരിക്കുന്നത്. മതപുരോഹിതന്മാരുടെ ഒരു പ്രത്യേക വർഗത്തെ ദൈവത്തിന്റെ പ്രതിപുരുഷന്മാരായി വാഴിച്ച് രാജ്യത്തിന്റെ സർവ അധികാരങ്ങളും ആ വർഗത്തിന്റെ കരങ്ങളിലർപ്പിക്കുകയാണല്ലോ തിയോക്രസിയുടെ രീതി. ഇതിൽനിന്ന് ഭിന്നമായി രാജ്യത്ത് അധിവസിക്കുന്ന മുഴുവൻ വിശ്വാസികളെയും ദൈവത്തിന്റെ പ്രതിനിധികളായി കണക്കാക്കി അധികാരം അവരുടെ പൊതു അവകാശമായി നൽകുകയാണിവിടെ ചെയ്യുന്നത്.

3. ഭരണകൂടത്തെ നിശ്ചയിക്കുന്നതും മാറ്റുന്നതും ചലിപ്പിക്കുന്നതുമെല്ലാം ബഹുജനാഭിപ്രായപ്രകാരമായിരിക്കണം എന്ന അർഥത്തിൽ ഈ വ്യവസ്ഥ ജനാധിപത്യ(Democracy)വുമായും യോജിക്കുന്നു. എന്നാൽ, ബഹുജനം ഇതിൽ സർവതന്ത്ര സ്വതന്ത്രരല്ല. രാഷ്ട്രത്തിന്റെ നിയമം, ജീവിതരീതി, ആഭ്യന്തര-വൈദേശിക നയങ്ങൾ തുടങ്ങിയ ഏതു കാര്യവും ബഹുജനങ്ങളുടെ അഭീഷ്ടത്തിനും അഭിരുചിക്കുമനുസരിച്ച് മാറുകയും മറിയുകയും ചെയ്യുന്ന അവസ്ഥ ഇവിടെ ഉണ്ടാവുകയില്ല. മറിച്ച്, ഇത്തരം കാര്യങ്ങളിൽ ദൈവത്തിന്റെയും ദൈവദൂതന്റെയും നിയമങ്ങൾ പരമോന്നതമായി നിലകൊള്ളുന്നു. അവ ചില അടിസ്ഥാനങ്ങളും പരിധികളും ധാർമികനിയമങ്ങളും നിർദേശങ്ങളും നൽകിക്കൊണ്ട് ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെ നിയന്ത്രിക്കുകയും രാഷ്ട്രത്തെ ഒരു നിർണിത മാർഗത്തിലൂടെ മുന്നോട്ടു നയിക്കുകയും ചെയ്യുന്നു. ഈ മാർഗത്തിൽനിന്നതിനെ വ്യതിചലിപ്പിക്കാൻ നിയമനിർമാണസഭയ്ക്കോ, ഭരണനിർവഹണസമിതിക്കോ നീതിപീഠത്തിനോ സാധ്യമല്ല. ജനങ്ങൾ ഒന്നടങ്കം വിചാരിച്ചാലും അത് സാധ്യമാവുകയില്ല- തങ്ങളെടുത്ത പ്രതിജ്ഞ ലംഘിച്ച് വിശ്വാസത്തിന്റെ പരിധിയിൽനിന്ന് പുറത്തു പോകാൻ അവർ തീരുമാനിച്ചാലല്ലാതെ.

4. ഒരാദർശ രാഷ്ട്രമാണത്. അതിനെ പ്രവർത്തിപ്പിക്കാൻ അർഹതയുള്ളവർ സ്വാഭാവികമായും പ്രസ്തുത ആദർശത്തിന്റെ അടിസ്ഥാനതത്ത്വങ്ങളും സിദ്ധാന്തങ്ങളും അംഗീകരിച്ചവരാകുന്നു. എന്നാൽ, പ്രസ്തുത ആദർശം അംഗീകരിച്ചിട്ടില്ലാത്ത ആളുകൾ, ഈ രാഷ്ട്രത്തിന്റെ അതിരുകൾക്കകത്ത് അതിന്റെ നിയമങ്ങൾ അനുസരിച്ചുകൊണ്ട് കഴിഞ്ഞുകൂടാൻ തയാറാവുന്നുവെങ്കിൽ അവർക്കും ആദർശം അംഗീകരിച്ചവർക്ക് ലഭിക്കുന്ന എല്ലാ പൗരാവകാശങ്ങളും ലഭിക്കുന്നതാണ്.

5. വർഗ-വർണ-ഭാഷാ-ദേശ പക്ഷപാതിത്വങ്ങൾക്കതീതമായി, ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിതമാകുന്ന രാഷ്ട്രമാണിത്. ഭൂമിയുടെ ഏതു മൂലയിൽ വസിക്കുന്ന ആളുകൾക്കും പ്രസ്തുത തത്ത്വങ്ങൾ അംഗീകരിക്കാവുന്നതും യാതൊരു വിവേചനവും പക്ഷപാതിത്വവും കൂടാതെ തികഞ്ഞ തുല്യാവകാശങ്ങളോടെ ഈ വ്യവസ്ഥയിൽ അംഗമായി ചേരാവുന്നതുമാണ്. ലോകത്ത് എവിടെ ഈ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭരണകൂടം സ്ഥാപിതമായാലും അത് ഇസ്‌ലാമികഭരണകൂടമായിരിക്കും. അത് ആഫ്രിക്കയിലാണെന്നതോ അമേരിക്കയിലാണെന്നതോ യൂറോപ്പിലാണെന്നതോ ഏഷ്യയിലാണെന്നതോ അതിന്റെ നടത്തിപ്പുകാർ വെളുത്തവരാണെന്നതോ കറുത്തവരാണെന്നതോ പ്രശ്നമേയല്ല. ഇത്തരമൊരാദർശ രാഷ്ട്രത്തിന് ഒരു ലോകരാഷ്ട്രമായി മാറാവുന്നതാണ്. എന്നാൽ, ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിരവധി രാഷ്ട്രങ്ങൾ നിലവിൽവരികയാണെങ്കിൽ അവയൊക്കെയും ഇസ്‌ലാമികരാഷ്ട്രങ്ങൾ തന്നെയായിരിക്കും. ദേശീയതയുടെ പേരിലുള്ള പരസ്പരസംഘർഷങ്ങൾക്കു പകരം അവയ്ക്കിടയിൽ സൗഹൃദവും സഹകരണവും സാധ്യമാവും. അങ്ങനെ ഇവയെല്ലാം ഒന്നായി ചേർന്ന് ഒരു ആഗോള ഫെഡറേഷൻ രൂപീകരിക്കാവുന്നതുമാണ്.

6. സ്വാർഥതാൽപര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും പകരം ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ദൈവഭക്തിയോടുകൂടി രാഷ്ട്രീയം കൈയാളുക എന്നതാണ് ഈ രാഷ്ട്രത്തിന്റെ യഥാർഥ ചൈതന്യം. അതിൽ ശ്രേഷ്ഠതയ്ക്ക് അടിസ്ഥാനം ധാർമികശ്രേഷ്ഠത മാത്രമായിരിക്കും. അതിന്റെ നടത്തിപ്പുകാരെയും ഭരണാധികാരികളെയും തെരഞ്ഞെടുക്കുമ്പോൾ ബുദ്ധിപരവും ശാരീരികവുമായ യോഗ്യതകൾക്കൊപ്പം ധാർമികവിശുദ്ധിക്കാണ് മുന്തിയ പരിഗണന നൽകപ്പെടുക. അതിന്റെ ആഭ്യന്തര രംഗം വിശ്വസ്തതയോടും സത്യസന്ധതയോടും നിർഭയമായ നീതിദീക്ഷയോടും കൂടി കൈയാളേണ്ടതുണ്ട്. അതിന്റെ വിദേശനയവും സമ്പൂർണ വിശ്വസ്തത, വാഗ്ദത്തപാലനം, സമാധാനകാംക്ഷ, അന്താരാഷ്ട്ര നീതി, സഹവർത്തിത്വം എന്നിവയിലധിഷ്ഠിതമായിരിക്കണം.

7. ക്രമസമാധാനം പാലിക്കുക, അതിർത്തി സംരക്ഷിക്കുക തുടങ്ങി പോലീസിന്റെ ജോലികൾ മാത്രം ചെയ്യുന്ന ഒരു രാഷ്ട്രമല്ല അത്. മറിച്ച്, ക്രിയാത്മകമായി സമൂഹത്തിൽ നീതിയും നന്മയും വളർത്തുന്നതിനും തിന്മ തുടച്ചുനീക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ലക്ഷ്യബോധമുള്ള ഒരു രാഷ്ട്രമാണത്.

8. അവകാശങ്ങൾ, പദവികൾ, അവസരങ്ങൾ എന്നിവയിൽ സമത്വം, നിയമവാഴ്ച, നന്മയിൽ സഹകരണം, തിന്മയിൽ നിസ്സഹകരണം, ദൈവത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടതുണ്ടെന്ന ബോധം, അവകാശത്തേക്കാൾ ബാധ്യതയെക്കുറിച്ച വിചാരം, വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ലക്ഷ്യത്തിലുള്ള ഐക്യം, സമൂഹത്തിലെ ഒരു വ്യക്തിക്കും അത്യാവശ്യ ജീവിതോപാധികൾ തടയപ്പെടാതിരിക്കൽ ഇതെല്ലാം ഈ രാഷ്ട്രത്തിന്റെ അടിസ്ഥാനമൂല്യങ്ങളാകുന്നു.

9. ഈ വ്യവസ്ഥ വ്യക്തിക്കും രാഷ്ട്രത്തിനുമിടയിൽ സന്തുലിതത്വം നിലനിർത്തുന്നു. പരമവും സമഗ്രവുമായ ആധിപത്യം കൈയിലൊതുക്കി വ്യക്തികളെ നിസ്സഹായരായ അടിമകളാക്കിമാറ്റാൻ രാഷ്ട്രത്തിന് സാധിക്കുകയില്ല. അതുപോലെ, വ്യക്തിക്ക് സർവതന്ത്രസ്വതന്ത്രനായി, ധിക്കാരിയും സമൂഹവിരുദ്ധനുമായി മാറാനും സാധിക്കയില്ല. ഒരുവശത്ത്, വ്യക്തിക്ക് മൗലികാവകാശങ്ങൾ അനുവദിച്ചുകൊടുത്തും ഭരണകൂടത്തെ പരമോന്നതമായ നിയമത്തിനും ശൂറക്കും വിധേയമാക്കിക്കൊണ്ടും വ്യക്തിയുടെ സ്വത്വവികാസത്തിന് ശരിക്കും അവസരം നൽകുകയും അധികാരത്തിന്റെ അന്യായമായ കൈകടത്തലിൽനിന്ന് അവനെ രക്ഷിക്കുകയും ചെയ്യുന്നു. മറുവശത്ത്, വ്യക്തിയെയും ചില പെരുമാറ്റച്ചട്ടങ്ങളിൽ ഒതുക്കിനിർത്തിയിരിക്കുന്നു. ദൈവത്തിന്റെ നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ഭരണകൂടത്തെ മനസ്സറിഞ്ഞ് പിന്തുണയ്ക്കുക, നല്ല കാര്യങ്ങളിൽ അതിന് പൂർണമായ സഹകരണം നൽകുക, അതിന്റെ വ്യവസ്ഥയെ താറുമാറാക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടാതിരിക്കുക, അതിനെ സംരക്ഷിക്കുന്നതിനുവേണ്ടി ജീവനോ സ്വത്തോ എന്തുവേണമെങ്കിലും നിസ്സങ്കോചം സമർപ്പിക്കുക എന്നിവ അവന്റെ ബാധ്യതയായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

(*ഖിലാഫത്തും രാജവാഴ്ചയും* എന്ന കൃതിയുടെ പ്രഥമാധ്യായത്തിന്റെ സംഗ്രഹം) ■